"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ജീവനക്കാര്യം - ശുചിത്വ മിഷനിലെ കൊല്ലം ജില്ലാ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം.) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന മലപ്പുറം താനൂർ, ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് ഹെഡ് അക്കൗണ്ടന്റായ ശ്രീ. വിനോദ്. ആർ.ന്റെ അന്യത്രസേവന കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1028/2024/LSGD തീയതി,തിരുവനന്തപുരം, 12-06-2024

---

പരാമർശം:-

1. സർക്കുലർ നം. 42/2023/ധന തീയതി 10/05/2013.
2. സ.ഉ.(സാധാ) നം. 580/2023/ധന തീയതി 28/11/2013.
3. സ.ഉ.(സാധാ)നം.1542/2022/തസ്വഭവ തീയതി 28/06/2022.
4. സ.ഉ.(സാധാ) നം. 1616/2023/തസ്വഭവ തീയതി 8/8/2023.
5. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/04/2024ലെ 2357/ബി/2023/എസ്.എം. നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം താനൂർ, ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് ഹെഡ് അക്കൗണ്ടന്റായ ശ്രീ. വിനോദ്. ആർ.നെ പരാമർശം (3) പ്രകാരം ശുചിത്വ മിഷനിലെ കൊല്ലം ജില്ലാ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം.) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (4) പ്രകാരം അന്യത്രസേവന കാലാവധി ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാന്റെ അന്യത്രസേവന കാലാവധി 01/07/2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷനിലെ കൊല്ലം ജില്ലാ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (എസ്.ഡബ്ല്യു.എം.) തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന മലപ്പുറം താനൂർ, ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ് ഹെഡ് അക്കൗണ്ടന്റായ ശ്രീ. വിനോദ്. ആർ.ന്റെ അന്യത്രസേവന കാലാവധി കെ.എസ്.ആർ. ഭാഗം-I ചട്ടം 140(സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01/07/2024 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJESH K R

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ ഡയക്ടറുടെ കാര്യാലയം, തിരുവനന്തപുരം

ശ്രീ. വിനോദ് ആർ. (ഡയറക്ടർ, കോളേജ് വിദ്യഭ്യാസം മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ.), കേരളം, തിരുവനന്തപുരം
എക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഐ&പി.ആർ.ഡി. (വെബ്ബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (IA2/58/2024/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 12-06-2024 17:23:21